**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 648 **27.04.2017**-ലെ മറുപടിക്ക്

**<u>പട്ടികജാതി ക്ഷേമ വകുപ്പിന് കീഴിലുള്ള ബാലവാടിയിലെ ആയമാരുടെ സേവന വേതന വ്യവസ്ഥകൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടയം ജില്ലയിലെ മുളക്കുളം പഞ്ചായത്തിൽ സർക്കാർ നഴ്സറിയിൽ പ്രവർത്തിക്കുന്ന പി.സി ലീലയുടെയും കെ. സുശീലയുടെയും സേവന വേതനത്തിൽ മാറ്റം വരുത്തുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ. | (എ) & (ബി) | കോട്ടയം ജില്ലയിലെ മുളക്കുളം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാലവാടി കൺവർട്ടഡ് നഴ്സറി സ്കൂളിലെ പാർട്ട്-ടൈം ടീച്ചർ ശ്രീമതി.പി.സി.ലീല, പാർട്ട് ടൈം ആയ ശ്രീമതി.കെ.സുശീല എന്നീ ജീവനക്കാർക്ക് പ്രൊവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ട്.<br>ഇവർക്ക് പ്രൊവിഡന്റ് ഫണ്ട് ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. മറ്റ് പാർട്ട്-ടൈം ജീവനക്കാർക്കുള്ളതു പോലെയുള്ള കേരള പാർട്ട്-ടൈം കണ്ടിജൻസി പ്രൊവിഡന്റ് ഫണ്ടിൽ ഇവർക്ക് അംഗത്വം ലഭിച്ചിട്ടില്ല. മേൽക്കാര്യത്തിനായി ഇവരിൽ നിന്നും ലഭ്യമായ അപേക്ഷ തുടർ നടപടികൾക്കായി കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് അയച്ചുകൊടുത്തിരുന്നെങ്കിലും ആയത് നിരസിക്കുകയാണുണ്ടായത്. ഇവർ വീണ്ടും സമർപ്പിച്ച അപേക്ഷകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ടെങ്കിലും ആയതിന്മേൽ നടപടി വിവരങ്ങളോ മറുപടിയോ ലഭ്യമായിട്ടില്ല. |
| (ബി) | ശ്രീമതി. ലീലയ്ക്കും സുശീലയ്ക്കും മറ്റ് ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഇവരുടെ അപേക്ഷ നിലവിലുണ്ടോ; ഇവർക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ